**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **06-07-2022 - ൽ മറുപടിയ്ക്ക്**

**ടെക്നോ പാർക്കിൽ കേരളാ പോലീസിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ടെക്നോ പാർക്കിൽ മുൻ സംസ്ഥാന പോലീസ് മേധാവിയുടെ ഭാര്യ ജോലി ചെയ്തതായി പറയപ്പെടുന്ന സ്ഥാപനത്തിന് കേരളാ പോലീസിന്റെ പദ്ധതികളിൽ നേരിട്ടോ അല്ലാതെയോ പങ്കാളിത്തമുണ്ടായിരുന്നോ; എങ്കിൽ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ടിയാളുടെ ഭാര്യ ജോലി ചെയ്തതായി പറയപ്പെടുന്ന കാലയളവിൽ അവരുടെ സുരക്ഷയ്ക്കും മറ്റുമായി അധികമായി പതിനെട്ടു വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വനിതാ പോലീസുകാരുടെ പേരുവിവരങ്ങളും അവർക്ക് വേണ്ടി അധികമായി ചെലവഴിക്കേണ്ടി വന്ന തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) | അധികമായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നില്ല |
| (സി) | സംസ്ഥാന വ്യവസായ സുരക്ഷാ സേനാ കമാൻഡന്റ് ഇതുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്തേക്കും സർക്കാരിലേക്കും സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | സംസ്ഥാന വ്യവസായ സുരക്ഷാ സേന കമാൻഡന്റ് ഇതുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്തേക്കോ സർക്കാരിലേക്കോ റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് ഉള്ളതായി പറയപ്പെടുന്ന അഴിമതിക്കും സ്വജനപക്ഷപാതത്തിനും പൊതുപണ ധൂർത്തിനുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | പിരിവ് (ബി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (ഇ) | അഖിലേന്ത്യ സർവ്വീസ് അച്ചടക്ക നടപടികൾ പ്രകാരം മുൻ ഡി .ജി .പി ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ടിയാനിൽ നിന്നും തുക ഈടാക്കുന്നുണ്ടെങ്കിൽ ആയത് ഗഡുക്കളായാണോ ഒറ്റത്തവണ ആയാണോ വസൂലാക്കുന്നത് എന്നത് സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ? | (ഇ) | പിരിവ് (ബി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ